# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 863 07.02.2013 - ൽ മറുപടിക്ക്

## കുടിവെള്ള പ്രശ്നം പരിഹരിക്കാൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ജല അതോറിറ്റി മുഖേന എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തെ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ എ.ആർ.പി സ്കീമിന്റെ കീഴിൽ 2011-ൽ 29 ഉം 2012-ൽ 30 പദ്ധതികളും നബാർഡ് - ആർ.ഐ.ഡി.എഫ് XVII സ്കീമിൽ 3 ഉം നബാർഡ്- ആർ.ഐ.ഡി.എഫ് XVIII സ്കീമിൽ 9 പദ്ധതികളും പഴകിയ പൈപ്പുകൾ മാറ്റിയിടൽ പദ്ധതിയിൽ 2010-11-ൽ 6 സ്കീമുകളും 2011-12-ൽ 14 സ്കീമുകളും, 2012-13 -ൽ 30 സ്കീമുകളും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇവയുടെ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പാക്കുന്നതിലേക്കായി 57 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. |
| (ബി) മഴക്കാലത്ത് വേണ്ടത്ര ജല സംഭരണം നടത്താത്തതിനാൽ വേനൽക്കാലത്തെ ജലദൗർലഭ്യം, സ്വകാര്യ വെള്ള കമ്പനികൾക്ക് വൻ ലാഭമുണ്ടാക്കുന്നതിന് കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പൊതു ജലവിതരണത്തിനായി രൂപീകരിച്ച കമ്പനി മുഖേനയാണോ - ജല അതോറിറ്റി വഴി തന്നെയാണോ ഭാവിയിൽ ജല വിതരണം നടത്തുന്നതെന്ന് വിശദമാക്കുമോ? | (സി) ജല അതോറിറ്റി മുഖേനയാണ് ജലവിതണം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ